## ഭരണഭാഷ മാതൃഭാഷ

## ആരോഗ്യവകുപ്പ് മേധാവിയുടെ കാര്യാലയത്തിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം .

**വിഷയം:**- ജീവനക്കാര്യം- ജീവനക്കാര്യം- ഡ്രൈവർ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ റേഷ്യോ പ്രകാരമുള്ള താത്ക്കാലിക സ്ഥാനക്കയറ്റം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു -

**പരാമർശം:**-1. ഉത്തരവ് നമ്പർ എച്ച്.റ്റി7-119218/95/ആ.വ.ഡ, തിയ്യതി:28/11/2000.
2. ഉത്തരവ് നമ്പർ ഇ.എസ്സ്2-53694/2009/ആ.വ.ഡ, തിയ്യതി:30/09/2010.
3. ഉത്തരവ് നമ്പർ:എച്ച്റ്റി5-28111/2015/ആ.വ.ഡ,തിയ്യതി:12-05-2016.
4. 20/01/2016-ലെ സർക്കാർ ഉത്തരവ് നം:7/2016/ധനവകുപ്പ്.

## ഉത്തരവ് നമ്പർ:എച്ച്റ്റി5-28111/2015/ആ.വ.ഡ തിയ്യതി. 15-10-2016.

പരാമർശം-3 പ്രകാരം സീനിയോരിറ്റി ലിസ്റ്റിലെ **റാങ്ക് നം:681** വരെ പേര് ചേർന്നിട്ടുള്ള ജീവനക്കാർക്ക് സെലക്ഷൻഗ്രേഡ് ഡ്രൈവർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിനുശേഷം വകുപ്പിൽ **03** സെലക്ഷൻഗ്രേഡ് ഡ്രൈവർ തസ്തികയിൽ ഒഴിവ് ഉണ്ടായിട്ടുണ്ട്.

താഴെ പേര് ചേർത്തിരിക്കുന്ന, പരാമർശം-1 ഉത്തരവിൽ ഉൾപ്പെട്ട, നിലവിൽ സീനിയർഗ്രേഡ് ഡ്രൈവർ തസ്തികയിൽ ജോലിനോക്കുന്ന ജീവനക്കാർക്ക് അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന തിയ്യതി മുതലുള്ള പ്രാബല്യത്തിൽ സീനിയർഗ്രേഡ് ഡ്രൈവർ തസ്തികയിൽ നിന്നും സെലക്ഷൻഗ്രേഡ് ഡ്രൈവർ തസ്തികയിലേക്ക് 27800-59400 എന്ന ശമ്പളസ്കെയിലിൽ കെ.എസ്.&എസ്.എസ്.ആർ പാർട്-11, 31(a)(i) പ്രകാരം താത്ക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം: | റാങ്ക് നമ്പർ | പേര് | ജനനത്തിയ്യതി | പ്രാബല്യം |
|---|---|---|---|---|
| 1. | 682 | ശ്രീ.നസ്സീർ.റ്റി.ജെ | 16-05-1967 | 01-05-2016 |
| 2. | 697 | ശ്രീ.ജേക്കബ്.കെ.വി | 05-01-1961 | 01-06-2016 |
| 3. | 703 | ശ്രീ.സതികുമാർ.പി | 06-02-1963 | 01-06-2016 |

പരാമർശം-3 പ്രകാരം സീനിയോരിറ്റി ലിസ്റ്റിലെ **റാങ്ക് നം:188** വരെ പേര് ചേർന്നിട്ടുള്ള ജീവനക്കാർക്ക് സീനിയർഗ്രേഡ് ഡ്രൈവർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിനുശേഷം സെലക്ഷൻഗ്രേഡ് ഡ്രൈവർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയപ്പോഴുണ്ടായ **03** ഒഴിവ് സീനിയർഗ്രേഡ് ഡ്രൈവർ തസ്തികയിൽ ഉണ്ടായിട്ടുണ്ട്.

താഴെ പേര് ചേർത്തിരിക്കുന്ന ഗ്രേഡ്-1 ഡ്രൈവർ തസ്തികയിൽ നിലവിൽ ജോലിനോക്കുന്ന ജീവനക്കാർക്ക് സീനിയർഗ്രേഡ് തസ്തികയിലേക്ക് 22200-48000 എന്ന ശമ്പളസ്കെയിലിൽ കെ.എസ്.&എസ്.എസ്.ആർ പാർട്ട്-11, 31(a)(i) പ്രകാരം താത്ക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമനം: | റാങ്ക് നമ്പർ | പേര് | ജനനത്തിയ്യതി | പ്രാബല്യം |
|---|---|---|---|---|
| 1. | 189 | ശ്രീ.വിജയകുമാർ.എം | 23-05-1968 | 01-05-2016 |
| 2. | 192 | ശ്രീ.രതീഷ്.റ്റി.എ | 20-04-1973 | 01-06-2016 |
| 3. | 193 | ശ്രീ.പി.എ.ബിജിമോൻ | 27-04-1972 | 01-06-2016 |

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും സ്ഥാപനമേധാവികളും ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ പേരും ജനനത്തിയ്യതിയും സേവനപുസ്തകവുമായി ഒത്തുനോക്കി മാത്രമേ ജീവനക്കാരെ ഉയർന്ന തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിക്കാവൂ. ടി ജീവനക്കാരുടെ സേവനപുസ്തകത്തിൽ സ്ഥാനക്കയറ്റം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി മേലധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

പരാമർശം 4 ഉത്തരവ് പ്രകാരം പുതിയ ശമ്പള സ്കെയിലിൽ ശമ്പളനിർണ്ണയത്തിന് ജീവനക്കാർ ഒരു ഡിക്ലറേഷൻ ഫോറം (ശമ്പളനിർണ്ണയം വഴി അധികം തുക കൈപ്പറ്റുകയാണെങ്കിൽ തിരികെ അടയ്ക്കാം എന്നുള്ള) പൂരിപ്പിച്ച് സ്ഥാപനമേധാവിക്ക് നൽകേണ്ടതും ആയത് ലഭിക്കുന്ന മുറയ്ക്ക് ശമ്പളം പുതുക്കി നിശ്ചയിച്ച് നൽകേണ്ടതുമാണ്.

ഈ ഉത്തരവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ ഉത്തരവ് തിയ്യതി മുതൽ 30 ദിവസത്തിനകം ഉചിതമാർഗ്ഗേണ രേഖാമൂലം അറിയിക്കേണ്ടതാണ്. ടി സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ബന്ധപ്പെട്ട പരാതികളും ആക്ഷേപങ്ങളും അറിയിപ്പ് കൂടാതെ നിരസിക്കുന്നതാണ്.

**ഒപ്പ്**
**ഐസക്ക് ഇട്ടി**
**സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ.**

സ്വീകർത്താവ്,

ബന്ധപ്പെട്ട ജീവനക്കാർ(വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ്:-

1. എല്ലാ ആരോഗ്യവകുപ്പ് ജില്ലാ / സ്ഥാപന മേധാവികൾക്കും(വെബ്സൈറ്റ് മുഖാന്തിരം).
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സ്റ്റേറ്റ് ഹെൽത്ത് ട്രാൻസ്പോർട്ട് ഓഫീസർ (സി.എ മുഖാന്തിരം).
3. ഫയൽ/കരുതൽ ഫയൽ.

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്.**

സിആർഎസ്. 17-10-2016.